INTERNATIONAL INDIAN SCHOOL-DAMMAM

SECOND TERM EXAMINATION 2017-18

CLASS.VIII SUBJECT- MALAYALAM MARKS-80

TIME-3 HOURS

1. ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക

(ച്ഛി, ശ്വ, ജ്ഞാ, ക്ഷ, ഹ്ലാ, ജ്ഞ, ക്ഷ, ഷ്ഠ, ഞ്ജാ, ഖാ) (5)

a. ഹൃദയാ _ തം b. ഉപ _ താവ് c . വി _ പ്രസിദ്ധ
d. അപരി _ തൻ e. _ യോന്മുഖം

2. അർത്ഥം എഴുതുക (5)

a. ദൃഷ്ടാന്തം b. നാന്ദി c.മുഖരം d.നിഷ്ക്രിയൻ

e. ആലക്തികദീപം

3. വിപരീതം എഴുതുക (5)

a. ഉത്തമം b.വന്ദിക്കുക c. ധീരൻ

d. പൂരിതം e. സമൂഹം

4. പര്യായം എഴുതുക (5)

a. സന്തോഷം b. മാളിക c. നിസ്തുലം

d . പൂച്ച e. വിധവ

5. നാനാർത്ഥം എഴുതുക (3)

a. ആഴി b. യന്ത്രം c. പത്രം

6. ചേർത്തെഴുതുക (4)

a. ദു:ഖത്തിൽ + ആണ്ട b. ഐതിഹ്യം + ഉം

c. കണ്ടുപിടുത്തം + കൾ d. ചിത് +രൂപം

P. T. O

7.പദം പിരിച്ച് സന്ധി എഴുതുക (4)

a. വസ്ത്രങ്ങൾ b. താഴ്വരയുടെ

c. അദ്ദേഹത്തിനുണ്ടായിരുന്നു e .കൈപ്പിടി

8. വിഗ്രഹിക്കുക (3)

a. സ്വരാജ്യാഭിമാനം b. നിത്യസ്മാരകങ്ങൾ

c ജയഭേരികൾ

9. വാക്യത്തിൽ പ്രയോഗിക്കുക (3)

a. കറകളഞ്ഞ b. അറ്റകൈ c. നാന്ദികുറിക്കുക

10. പ്രയോഗം മാറ്റുക

a. ഉള്ളൂർ ആർഷസംസ്കാരത്തോട് അചഞ്ചലമായ ആദരവ് ( 1 ) പ്രകടിപ്പിച്ചു.

11. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക (3)

a. ഉത്തമനായ ഗുരുവിന്റെ ഉത്തമനായ ശിഷ്യൻ ആരാണ് ?

( മഹാത്മാഗാന്ധി , ലാൽബഹദൂർ ശാസ്ത്രി )

b . നിരവധി അക്കങ്ങളുള്ള സംഖ്യകളെ ഗുണിക്കുകയും ഹരിക്കുകയും ചെയ്യാനുള്ള കഴിവുണ്ടായിരുന്ന ഗണിതശാസ്ത്രജ്ഞൻ ആര് ?

(ലുഡോമിൽ, ചാൾസ്ഗ്രാണ്ടെമാന്റ് )

c. " പാരഡൈസ് ലോസ്റ്റ്" എന്ന മഹാകാവ്യം രചിച്ചതാര് ?

(ജോൺമിൽട്ടൻ , ബിഥോവൻ )

d. ഒളിമ്പിയാ താഴ്വരയ്ക്കടുത്ത് താമസിച്ചിരുന്നത് ഏത് വർഗക്കാർ?

( ഈലിയൻ , ഗോഥ് )

e. എഡിസൻ തുടങ്ങിയ പത്രത്തിന്റെ പേര് ?

( എഡിസൻസ് വീക്കിലി , വീക്കിലി ഹെറാൾഡ് )

f." ശ്രീകൃഷ്ണനും കുചേലനും" എന്നകവിത ഏതു കൃതിയിൽ നിന്നാണ് എടുത്തത് ?

( കുചേലവൃത്തം , ശ്രീകൃഷ്ണചരിതം )

12. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (8)

a. ലാൽബഹദൂറിന്റെ രാജ്യാഭിമാനത്തെ ഉണർത്തിയത് ആരെല്ലാം?

b. വിധിയെ തോൽപ്പിച്ചവർ എന്നുപറയുന്നത് ആരെയാണ് ?

c. എഡിസന്റെ ബാല്യകാലത്തെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

d. ഏത് ഇനത്തിലാണ് ഇന്ത്യ ആദ്യമായി ഒളിമ്പിക്സിൽ സ്വർണമെഡൽ നേടുന്നത് ?

13. രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (6)

a. ഹോൾമാൻ അന്ധനായതിനു ശേഷം ചെയ്തത് എന്താണ് ?

b. ഒളിമ്പിക് മത്സരങ്ങൾക്ക് നാന്ദികുറിച്ചതാര് ? ഒളിമ്പിക്സ് എന്ന പേരു ലഭിച്ചതെന്തുകൊണ്ട് ?

14.ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (5)

a പീസിഡോറസ് എന്ന യുവാവിന്റെ അമ്മചെയ്തതെന്ത് ?

OR

b. ശ്രീകൃഷ്ണഭഗവാനെ കാണാനായി ചെല്ലുന്ന കുചേലനെ കവി എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നത് ?

15. പദ്യം പൂരിപ്പിക്കുക (5)

ആഴിമകളു്________________ പൊളിക്കുടയും

16. ഖണ്ഡിക തയ്യാറാക്കുക (5)

വനവത്ക്കരണം

P.T.O

17.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ഉത്തരമെഴുതുക (10)

ടി.എം. അപ്പു നെടുങ്ങാടി 1887 ൽ എഴുതപ്പെട്ട "കുന്ദലത"യോടുകൂടിയാണ് മലയാളത്തിലെ നോവൽ പ്രസ്ഥാനം ആരംഭിക്കുന്നത്. എന്നാൽ ഒ. ചന്തുമേനോൻ 1889 ൽ എഴുതിയ ഇന്ദുലേഖയാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവൽ. മലബാറിലെ ഫ്യൂഡൽ സാമൂഹിക ജീവിതത്തിന്റെ കെടുതികളെ അതിവിദഗ്ദ്ധമായി പ്രതിഫലിപ്പിക്കുന്ന ആ നോവൽ , പാശ്ചാത്യ വിദ്യാഭ്യാസം കേരളീയജീവിതത്തിന്റെ കാഴ്ച്ചപ്പാടിൽ വരുത്തിയ ആരോഗ്യകരമായ വ്യതിയാനത്തെയാണ് പ്രധാനമായും പ്രതിപാദന വിഷയമാക്കുന്നത്. പുതിയ സംസ്കാരത്തിൽ സ്വതന്ത്രവികാസമാർജിച്ചുതുടങ്ങിയ കേരളീയ സ്ത്രീത്വത്തിന്റെ പ്രതിനിധിയാണ് ഇന്ദുലേഖ. ഭാഷയുടെ സാരള്യവും പാത്രചിത്രീകരണത്തിൽ പ്രകടമാവുന്ന നൈപുണ്യവും ഉടനീളം പ്രസരിക്കുന്ന നർമ്മബോധവും ഇന്ദുലേഖയെ മികവുറ്റ ഒരു കലാസൃഷ്ടിയാക്കുന്നു . അദ്ദേഹത്തിനു ഈ കൃതി രചിക്കാൻ പ്രേരണയായത് ബീക്കൻസ് ഫീൽഡിന്റെ " ഹെൻറി റ്റാടെമ്പിൾ ടെബിൾ" എന്ന കൃതിയാണ്.

a. ലക്ഷണമൊത്ത ആദ്യത്തെ മലയാള നോവൽ ഏതാണ്? ആരാണ് ഇതിന്റെ കർത്താവ്? ഏത് വർഷത്തിൽ ഇത് എഴുതപ്പെട്ടു ? (1 ½ )

b. മലയാളത്തിൽ നോവൽ പ്രസ്ഥാനം ആരംഭിക്കുന്നത് ഏതു കൃതിയോടുകൂടിയാണ്? ആരാണ് ഇതിന്റെ കർത്താവ്? ഏതു വർഷത്തിൽ ഇത് എഴുതപ്പെട്ടു ? ( 1 ½ )

c.അദ്ദേഹത്തിനു ഈകൃതി രചിക്കാൻ പ്രേരണയായത് ആരുടെ ഏതു കൃതി(1)

d.ഇന്ദുലേഖ എന്ന കഥാപാത്രം എന്തിന്റെ പ്രതിനിധിയാണ് (1 )

e.ഇന്ദുലേഖയിൽ പ്രതിപാദന വിഷയമാകുന്നത് എന്താണ് (2)

f.ഇന്ദുലേഖയെ മികവുറ്റ ഒരു കലാസൃഷ്ടിയാക്കുന്നത് എന്താണ് ? (3)